# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3916 15.05.2017 -ലെ മറുപടി

**കുടിവെള്ള കമ്പനികളുടെ ജലഉപഭോഗം-സഭാസമിതി റിപ്പോർട്ടിന്മേൽ നടപടി**

**ചോദ്യം**

**ശ്രീ.മഞ്ഞളാംകുഴി അലി**

**മറുപടി**

മാത്യു ടി. തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കുടിവെള്ള കമ്പനികളും കോള കമ്പനികളും കിണറുകളും കുഴൽകിണറുകളും നിർമ്മിച്ചും മറ്റ് ജലസ്രോതസ്സുകളിൽ നിന്നും ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; | എ) | ഭൂജലവകുപ്പ് കുപ്പിവെള്ള കമ്പനികൾക്ക് ശാസ്ത്രീയമായ ജലലഭ്യത പരിശോധന നടത്തി സുരക്ഷിതമായ അളവിൽ ജലം ഉപയോഗിക്കുന്നതിനാണ് അനുമതി നൽകി വരുന്നത്. ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അവലോകന സമിതികൾ പരിശോധിച്ച് ശുപാർശ ചെയ്യുന്ന അപേക്ഷകളിന്മേൽ സംസ്ഥാന ഭൂജല അതോറിറ്റി അന്തിമമായി നിരാക്ഷേപപത്രം നൽകി വരുന്നു. ഇത്തരം കമ്പനികളുടെ പ്രതിദിനം ഉപയോഗിക്കുന്ന ഭൂജലത്തിന്റെ അളവ് പരിമിതപ്പെടുത്തിയിട്ടുണ്ട് സംസ്ഥാന ഭൂജല അതോറിറ്റി ഇതു വരെ 115 സ്വകാര്യ കുപ്പിവെള്ള കമ്പനികൾക്ക് എൻഒസി നൽകിയിട്ടുണ്ട് കുപ്പിവെള്ള കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിക്കുന്നതിനായി വാട്ടർ ഫ്ളോ മീറ്റർ സ്ഥാപിക്കണമെന്നും ദിനംപ്രതി ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് ലോഗ് ബുക്കുകൾ സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട് ഭൂജലവകുപ്പിലെ ഉദ്യോഗസ്ഥർ കമ്പനികൾ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ട് |
| ബി) | ഇത്തരം പല കമ്പനികൾ അനിയന്ത്രിതമായ തോതിൽ ജലമൂറ്റുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഇത്തരം കമ്പനികളുടെ ജല ഉപഭോഗം നിയന്ത്രിക്കുന്നതിനും കുറയ്ക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | സി) | കുപ്പിവെള്ള കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിക്കുന്നതിന് വാട്ടർ ഫ്ളോ മീറ്റർ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടിയാണ് എൻ.ഒ.സി. നൽകുന്നത്. ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരം കമ്പനികളുടെ ജല ഉപഭോഗം പരി |

| | | | |
|---|---|---|---|
| | | | ശോധിച്ച് വിലയിരുത്താറുണ്ട് ദിനംപ്രതി ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് ലോഗ് ബുക്കുകൾ സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട് |
| ഡി) | ഇത്തരം കമ്പനികളുടെ ജലഉപഭോഗം നിയന്ത്രിക്കുന്നതിന് ടെലിമെട്രി സംവിധാനമേർപ്പെടുത്തണമെന്ന നിയമസഭാ സമിതി റിപ്പോർട്ട് നിലവിലുണ്ടോ; എങ്കിൽ ഇത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കുമോ? | | പെപ്സി കമ്പനിയിൽ ടെലിമെട്രി സംവിധാനം ഏർപ്പെടുത്തണമെന്ന് നിയമസഭാ സമിതി റിപ്പോർട്ട് ചെയ്തിരുന്നു നിലവിൽ പെപ്സി കമ്പനിയിൽ സ്കാഡാ (SCADA -Supervisory Control and Data Acquisition) സിസ്റ്റമാണ് ഭൂജല ഉപഭോഗം മനസ്സിലാക്കുന്നതിന് സ്ഥാപിച്ചിട്ടുള്ളത്. ടെലിമെട്രി സംവിധാനം ഏർപ്പെടുത്തണമെന്ന് ഭൂജല വകുപ്പ് കമ്പനിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് ടെലിമെട്രി സംവിധാനം ഉടൻ തന്നെ ഏർപ്പെടുത്താമെന്ന് പെപ്സി കമ്പനി ഭൂജല വകുപ്പിനെ അറിയിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ